# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2462 17.08.2017 -ലെ മറുപടി

**ഭൂഗർഭജല നിരപ്പ് താഴുന്നത് അതിജീവിക്കാൻ നടപടി**

**ചോദ്യം** **മറുപടി**

**ശ്രീ. പി.കെ. ശശി** **മാത്യു ടി. തോമസ്**

**(ജലവിഭവ വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് ഭൂഗർഭജലനിരപ്പ് അപകടമാംവിധം താണുകൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | എ) | ഭൂജലവകുപ്പ് സംസ്ഥാനത്ത് സ്ഥാപിച്ചിട്ടുള്ള നിരീക്ഷണ കിണറുകളിൽ നിന്നുള്ള ജലവിതാനം എല്ലാ മാസവും ശേഖരിക്കുകയും പഠന വിധേയമാക്കുകയും ചെയ്യുന്നുണ്ട്. ഏപ്രിൽ 2017 ലെ ഭൂജലവിതാനം ദശാബ്ദ ശരാശരി (2007-2016) യുമായി താരതമ്യം ചെയ്യപ്പോൾ സംസ്ഥാനത്ത് തുറന്ന കിണറുകളിൽ 64% കിണറുകളിൽ ഭൂജലവിതാനം കുറഞ്ഞതായി കാണുന്നു. ഇതിൽ 45.7% കിണറുകളിൽ ½ മീറ്ററിനു താഴെയും 29% കിണറുകളിൽ ½ മീറ്റർ മുതൽ 1 മീറ്റർ വരെയും 18% കിണറുകളിൽ 1 മീറ്റർ മുതൽ 2 മീറ്റർ വരെയും 5% കിണറുകളിൽ 2 മീറ്റർ മുതൽ 3 മീറ്റർ വരെയും 0.4% കിണറുകളിൽ 3 മീറ്റർ മുതൽ 4 മീറ്റർ വരെയും 0. 8% കിണറുകളിൽ 4 മീറ്റർ കൂടുതൽ ഭൂജലവിതാനത്തിൽ കുറവുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. 2017-ജൂൺ മുതൽ ലഭിക്കേണ്ട തെക്ക്-പടിഞ്ഞാറൻ കാലവർഷത്തിൽ ഇതുവരെ ഏകദേശം 27% കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്. ആഗസ്റ്റ്-സെപ്റ്റംബർ മാസങ്ങളിൽ കൂടുതൽ മഴ ലഭിക്കുകയാണെങ്കിൽ സംസ്ഥാനത്ത് ഭൂഗർഭജലനിരപ്പ് അപകടകരമാംവിധം താഴുന്ന സ്ഥിതി വിശേഷം സംജാതമാകുവാനുള്ള സാധ്യത കുറവാണ്. |
| ബി) | 2010 മുതൽ ഓരോ വർഷവും ഭൂഗർഭജലനിരപ്പ് താണുകൊണ്ടിരിക്കുന്നത് കാരണം നാശം സംഭവിച്ചുകൊണ്ടിരിക്കുന്ന കാർഷിക മേഖല/വനമേഖല/പുൽമേടുകൾ എന്നിവയുടെ, സംസ്ഥാനത്തെ സാമ്പത്തിക സർവ്വേ ഉൾപ്പെടെ, വിവിധ വകുപ്പുകളുടെ, കണക്കും മറ്റ് വിശദാംശങ്ങളും ലഭ്യമാണോ; വ്യക്തമാക്കുമോ; | ബി) | ജലവിഭവ വകുപ്പിൽ വിശദാംശങ്ങൾ ലഭ്യമല്ല. |

| | | | |
|---|---|---|---|
| സി) | 2010 ലെ തണ്ണീർത്തട അറ്റ് ലസ് പ്രകാരം കേരളത്തിലുണ്ടായിരുന്ന തണ്ണീർത്തടങ്ങൾ എത്ര എന്നും അവയുടെ നിലവിലെ അവസ്ഥ എന്ത് എന്നും ഇവയെ സംരക്ഷിച്ച് കാർഷികമേഖലയുടെ സംരക്ഷണത്തിനും ജലലഭ്യത ഉറപ്പുവരുത്തുന്നതിനും എന്തു നടപടികൾ സ്വീകരിച്ചുവരുന്നു എന്നും വ്യക്തമാക്കുമോ; | സി) | തണ്ണീർത്തടങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ, തണ്ണീർത്തട സംരക്ഷണവുമായി ബന്ധപ്പെട്ട നോഡൽ ഏജൻസിയായ സംസ്ഥാന പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പിന്റെ പരിധിയിൽ വരുന്നതാണ്. |
| ഡി) | ഭൂഗർഭജലനിരപ്പ് താഴുന്നത് അതിജീവിക്കാൻ സംസ്ഥാനത്തെ പ്രാപ്തമാക്കുവാനായി ജലവിഭവവകുപ്പ് മറ്റ് വകുപ്പുകളുമായി സഹകരിച്ച് എന്തു നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | ഡി) | ജലവിഭവവകുപ്പ്, കൃഷിവകുപ്പ്, മണ്ണ്സംരക്ഷണവകുപ്പ്, സോയിൽ സർവ്വേ വകുപ്പ്, ഭൂജലവകുപ്പ്, ദേശീയ തൊഴിലുറപ്പ് പദ്ധതി എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് സംസ്ഥാന സർക്കാർ സമഗ്രമായ ജലസംരക്ഷണത്തിനും, മാലിന്യ നിർമ്മാർജ്ജനത്തിനുമായി 'ഹരിതകേരളം' പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |

Reena

**സെക്ഷൻ ഓഫീസർ**